**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ ജിം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലകളിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓപ്പൺ ജിം തുടങ്ങുന്നതിനുള്ള പദ്ധതിയുടെ അന്തിമ രൂപമായിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (എ) | ടൂറിസം വകുപ്പുമായി ചേർന്ന് 7 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽ നിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ആദ്യഘട്ടത്തിൽ പ്രസ്തുത പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ